# കേരളസർവകലാശാല

നം.പി.ആർ.123/2021

## പത്രക്കുറിപ്പ്

### പുതുക്കിയ പരീക്ഷാക്രമം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം ഏപ്രിൽ 3, 6 തീയതികളിൽ നടത്താൻ തീരുമാനിച്ചിരുന്ന നാലാം സെമസ്റ്റർ ബി.എസ്.സി. മാത്തമാറ്റിക്സ്, ബി.ബി.എ., ബി.സി.എ., ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് പരീക്ഷകൾ യഥാക്രമം ജൂൺ 29, ജൂലൈ 1 തീയതികളിൽ ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ പുനഃക്രമീകരിച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിന് മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ജനുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ ആന്വൽ സ്കീം എം.എ. ഇംഗ്ലീഷ്, ഇക്കണോമിക്സ് (വിദൂരവിദ്യാഭ്യാസം – 2018 അഡ്മിഷൻ, സപ്ലിമെന്ററി 2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ വൈവ – വോസി യഥാക്രമം ജൂൺ 30, ജൂലൈ 5 എന്നീ തീയതി മുതൽ വിദൂരവിദ്യാഭ്യാസം കാര്യവട്ടം കേന്ദ്രത്തിൽ വച്ച് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല ഏപ്രിൽ 19 മുതൽ ആരംഭിക്കാനിരുന്നതും കോവിഡ് പശ്ചാത്തലത്തിൽ മാറ്റിവച്ചതുമായ ഏഴ്, നാല്, അഞ്ച്, മൂന്ന്, രണ്ട് സെമസ്റ്റർ ബി.ഡെസ്സ്. പരീക്ഷകൾ ജൂലൈ 5 മുതൽ പുനഃക്രമീകരിച്ചിരിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല രണ്ടാം സെമസ്റ്റർ എം.ബി.എ. ഏപ്രിൽ 2020, നാലാം സെമസ്റ്റർ എം.ബി.എ. ജൂലൈ 2020 സ്പെഷ്യൽ എക്സാമിനേഷൻ യഥാക്രമം ജൂലൈ 5 നും 6 നും ആരംഭിക്കുന്നതാണ്. സ്പെഷ്യൽ എക്സാമിനേഷന് അപേക്ഷിച്ച വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി അതതു സെന്ററുകളിൽ പരീക്ഷ എഴുതേണ്ടതാണ്. സബ്സെന്റർ അനുവദിക്കുന്നതല്ല. പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### ജൂൺ 28 മുതൽ ആരംഭിക്കുന്ന യു.ജി./പി.ജി./എൽ.എൽ.ബി. പരീക്ഷ എഴുതാൻ കഴിയാത്ത കോവിഡ് ബാധിതർക്ക് സ്പെഷ്യൽ പരീക്ഷ

കേരളസർവകലാശാല ജൂൺ 28 മുതൽ നടത്തുന്ന അവസാന സെമസ്റ്റർ യു.ജി./പി.ജി./എൽ.എൽ.ബി. പരീക്ഷകൾക്ക് കോവിഡ് പോസിറ്റീവ് ആയ വിദ്യാർത്ഥികൾ ഹാജരാകാൻ പാടില്ല. ഈ വിദ്യാർത്ഥികൾ മതിയായ മെഡിക്കൽ രേഖകൾ സഹിതം അപേക്ഷ നൽകിയാൽ അവ പരിശോധിച്ച് സ്പെഷ്യൽ പരീക്ഷ നടത്തുന്നത് പരിഗണിക്കുന്നതാണ്.

# സർവകലാശാല അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പ് – വോട്ടെണ്ണൽ

കേരളസർവകലാശാല അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പുകളുടെ, മാറ്റിവയ്ക്കപ്പെട്ട വോട്ടെണ്ണൽ ജൂലൈ 6 ന് 11 മണി മുതൽ സർവകലാശാല സെനറ്റ് ഹാളിൽ വച്ച്, സർക്കാരിന്റെ കോവിഡ് മാർഗനിർദേശങ്ങൾ അനുസരിച്ച് നടത്തുന്നതാണ്. സ്ഥാനാർത്ഥികൾ അല്ലെങ്കിൽ അവർ ചുമതലപ്പെടുത്തുന്ന, വോട്ടർപട്ടികയിൽ ഉൾപ്പെട്ട ഓരോ ഏജന്റുമാർ എന്നിവരെ മാത്രമേ വോട്ടെണ്ണൽ കേന്ദ്രത്തിലേക്ക് പ്രവേശിപ്പിക്കുകയുള്ളൂ.

തിരുവനന്തപുരം,
25.06.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**